**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 525** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഇന്ധന വിലവര്‍ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തുണ്ടായ ഇന്ധന വിലവര്‍ധനവിനോടനുബന്ധിച്ച് ജനങ്ങള്‍ക്ക് ആശ്വാസം പകരാന്‍ ഈ സര്‍ക്കാര്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇന്ധനവില വര്‍ധനമൂലമുള്ള വിലക്കയറ്റം ഉള്‍പ്പെടെയുള്ള പ്രതിസന്ധികള്‍ കൂടുതല്‍ നേരിടേണ്ടത് കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം നിത്യോപയോഗ സാധനങ്ങള്‍ക്കായി മറ്റു സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. സപ്ലൈകോ-യുടെ ശക്തമായ വിപണിയിടപെടല്‍ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരുപരിധിവരെ സഹായിച്ചിട്ടുണ്ട്.<br><br>ഇന്ധന വില വര്‍ദ്ധന മൂലവും മറ്റും രാജ്യത്ത് വിലക്കയറ്റം വര്‍ദ്ധിച്ചു വരുന്ന സാഹചര്യത്തില്‍ ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിര്‍ത്തുന്നതിനായി സര്‍ക്കാര്‍ നിര്‍ദ്ദേശ പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങള്‍ പൊതു വിപണിയിലേതിനേക്കാള്‍ 20 മുതല്‍ 50 ശതമാനം വരെ വിലക്കുറവില്‍ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകള്‍ 2016 ഏപ്രില്‍ മാസത്തിന് ശേഷം വര്‍ദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കള്‍ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കില്‍ വിതരണം ചെയ്യുതുമൂലം കഴിഞ്ഞ ആറു വര്‍ഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തില്‍ പൊതുജനങ്ങള്‍ക്ക് ലഭിച്ചിട്ടുണ്ട്.<br><br>2019-20 സാമ്പത്തിക വര്‍ഷം 322.83 കോടി രൂപയുടെ പ്രയോജനമാണ് സപ്ലൈകോ മുഖേന സബ്സിഡി നിരക്കില്‍ അവശ്യ സാധനങ്ങള്‍ വിപണനം ചെയ്യുതു വഴി ഉപഭോക്താക്കള്‍ക്ക് |

നൽകിയിട്ടുള്ളത്. ഇതേ രീതിയിൽ 2020-21 സാമ്പത്തിക വർഷം 202.80 കോടി രൂപയുടെയും 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും പ്രയോജനമാണ് സപ്ലൈകോ വഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്.

കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP വിലയേക്കാൾ /മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.

ഉത്സവകാലങ്ങളിൽ ഉണ്ടാകുന്ന വിലക്കയറ്റം തടയുന്നതിനായി കൺസ്യൂമർ ഫെഡറേഷൻ മുഖേന 13 ഇനം സബ്സിഡി സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സബ്സിഡി വിപണികൾ നടത്തുന്നതിന്, ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (നോൺ പ്ലാൻ) '2425-00-108-80-33-00-N-(V)' എന്ന ശീർഷകത്തിൽ നിന്നും കൺസ്യൂമർ ഫെഡറേഷനും '2408-01-102-99-00-33-00-N-(V)' എന്ന ശീർഷകത്തിൽ നിന്നും സപ്ലൈകോയ്ക്കും 2016 മുതൽ നാളിതുവരെ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സർക്കാർ സഹായത്തോടെ സപ്ലൈകോയും കൺസ്യൂമർ ഫെഡറേഷനും സ്വീകരിച്ച നടപടികൾ മൂലം ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനും അതുവഴി വിലക്കയറ്റത്തിന്റെ

| | | | |
|---|---|---|---|
| | | | തീവ്രതയിൽ നിന്ന് സാധാരണക്കാർക്ക് ആശ്വാസമേകുന്നതിനും സാധിച്ചു. |
| (ബി) | ഉപഭോക്തൃ സംസ്ഥാനമായ കേരളമാണ് ഇന്ധനവില വർധനമൂലമുള്ള വിലക്കയറ്റം ഉൾപ്പെടെയുള്ള പ്രതിസന്ധികൾ കൂടുതൽ നേരിടേണ്ടത് എന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇന്ധനവില വർധനമൂലമുള്ള വിലക്കയറ്റം ഉൾപ്പെടെയുള്ള പ്രതിസന്ധികൾ കൂടുതൽ നേരിടേണ്ടത് കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം നിത്യോപയോഗ സാധനങ്ങൾക്കായി മറ്റു സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. സപ്ലൈകോ-യുടെ ശക്തമായ വിപണിയിടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരുപരിധിവരെ സഹായിച്ചിട്ടുണ്ട്.<br><br>ഇന്ധന വില വർദ്ധന മൂലവും മറ്റും രാജ്യത്ത് വിലക്കയറ്റം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>2019-20 സാമ്പത്തിക വർഷം 322.83 കോടി രൂപയുടെ പ്രയോജനമാണ് സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിപണനം ചെയ്തതു വഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ഇതേ രീതിയിൽ 2020-21 സാമ്പത്തിക വർഷം 202.80 കോടി രൂപയുടെയും 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും പ്രയോജനമാണ് സപ്ലൈകോ വഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, |

| | | | |
|---|---|---|---|
| | | | വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP വിലയേക്കാൾ /മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.<br><br>ഉത്സവകാലങ്ങളിൽ ഉണ്ടാകുന്ന വിലക്കയറ്റം തടയുന്നതിനായി കൺസ്യൂമർ ഫെഡറേഷൻ മുഖേന 13 ഇനം സബ്സിഡി സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സബ്സിഡി വിപണികൾ നടത്തുന്നതിന്, ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (നോൺ പ്ലാൻ) '2425-00-108-80-33-00-N-(V)' എന്ന ശീർഷകത്തിൽ നിന്നും കൺസ്യൂമർ ഫെഡറേഷനും '2408-01-102-99-00-33-00-N-(V)' എന്ന ശീർഷകത്തിൽ നിന്നും സപ്ലൈകോയ്ക്കും 2016 മുതൽ നാളിതുവരെ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>സർക്കാർ സഹായത്തോടെ സപ്ലൈകോയും കൺസ്യൂമർ ഫെഡറേഷനും സ്വീകരിച്ച നടപടികൾ മൂലം ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനും അതുവഴി വിലക്കയറ്റത്തിന്റെ തീവ്രതയിൽ നിന്ന് സാധാരണക്കാർക്ക് ആശ്വാസമേകുന്നതിനും സാധിച്ചു. |
| (സി) | എന്തൊക്കെ നടപടികളാണ് പ്രസ്തുത പ്രശ്നപരിഹാരത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (സി) | ഇന്ധനവില വർധനമൂലമുള്ള വിലക്കയറ്റം ഉൾപ്പെടെയുള്ള പ്രതിസന്ധികൾ കൂടുതൽ നേരിടേണ്ടത് കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം നിത്യോപയോഗ സാധനങ്ങൾക്കായി മറ്റു സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. സപ്ലൈകോ-യുടെ ശക്തമായ വിപണിയിടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരുപരിധിവരെ സഹായിച്ചിട്ടുണ്ട്. |

ഇന്ധന വില വർദ്ധന മൂലവും മറ്റും രാജ്യത്ത് വിലക്കയറ്റം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം 322.83 കോടി രൂപയുടെ പ്രയോജനമാണ് സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിപണനം ചെയ്തതു വഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ഇതേ രീതിയിൽ 2020-21 സാമ്പത്തിക വർഷം 202.80 കോടി രൂപയുടെയും 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും പ്രയോജനമാണ് സപ്ലൈകോ വഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്.

കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP വിലയേക്കാൾ /മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയില്ലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത

| | | | |
|---|---|---|---|
| | | | ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.<br><br>ഉത്സവകാലങ്ങളിൽ ഉണ്ടാകുന്ന വിലക്കയറ്റം തടയുന്നതിനായി കൺസ്യൂമർ ഫെഡറേഷൻ മുഖേന 13 ഇനം സബ്സിഡി സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സബ്സിഡി വിപണികൾ നടത്തുന്നതിന്, ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (നോൺ പ്ലാൻ) '2425-00-108-80-33-00-N-(V)' എന്ന ശീർഷകത്തിൽ നിന്നും കൺസ്യൂമർ ഫെഡറേഷനും '2408-01-102-99-00-33-00-N-(V)' എന്ന ശീർഷകത്തിൽ നിന്നും സപ്ലൈകോയ്ക്കും 2016 മുതൽ നാളിതുവരെ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>സർക്കാർ സഹായത്തോടെ സപ്ലൈകോയും കൺസ്യൂമർ ഫെഡറേഷനും സ്വീകരിച്ച നടപടികൾ മൂലം ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനും അതുവഴി വിലക്കയറ്റത്തിന്റെ തീവ്രതയിൽ നിന്ന് സാധാരണക്കാർക്ക് ആശ്വാസമേകുന്നതിനും സാധിച്ചു. |
| (ഡി) | കേന്ദ്രസർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയിൽ വരുത്തിയ കുറവിന് സമാനമായി സംസ്ഥാന സർക്കാർ നികുതിയിൽ കുറവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേന്ദ്ര നികുതികളും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടുന്ന തുകയിന്മേലാണ് സംസ്ഥാന നികുതി കണക്കാക്കുന്നത്. കേന്ദ്ര നികുതികളിൽ കുറവ് വരുത്തുമ്പോൾ സംസ്ഥാനത്തെ നികുതി കണക്കാക്കുന്നതിനുമുൻപുള്ള വിലയിൽ കുറവുണ്ടാകുന്നു. ആനുപാതികമായി സംസ്ഥാന നികുതി വരുമാനത്തിലും കുറവുണ്ടാകുന്നു. അപ്രകാരമുള്ള കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാന നികുതി വർദ്ധിപ്പിച്ചിട്ടില്ലാത്തതിനാൽ പെട്രോൾ, ഡീസൽ വിലക്കുറവ് കേന്ദ്ര നികുതിയുടെയും സംസ്ഥാന നികുതിയുടെയും കുറവിന്റെ ഫലമായിട്ടുള്ളതാണ്.<br><br>നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും |

| | | | |
|---|---|---|---|
| | | | ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല.<br><br>കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവ് മൂലമുള്ള വിലക്കയറ്റം അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും. |
| (ഇ) | 2011-16 കാലയളവിൽ സംസ്ഥാനത്ത് എത്ര തവണ ഡീസലിന്റെയും പെട്രോളിന്റെയും നികുതിയിൽ കുറവ് വരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഇ) | 2011-16 കാലഘട്ടത്തിൽ പെട്രോളിന്റെ സംസ്ഥാന വിൽപന നികുതി 4 തവണയും ഡീസലിന്റെ സംസ്ഥാന വിൽപന നികുതി 2 തവണയും കുറച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ